**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2943** **25-06-2024 - ൽ മറുപടിയ്ക്ക്**

**കാട്ടാന ആക്രമണങ്ങൾ തടയാൻ കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി ഉമ തോമസ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വനയോര മേഖലകളിൽ കാട്ടാന ആക്രമണം രൂക്ഷമാകുന്നത് ഗൗരവപൂർവ്വം കാണുന്നുണ്ടോ; | (എ) | കാണുന്നുണ്ട് |
| (ബി) | എങ്കിൽ കാട്ടാന ആക്രണങ്ങൾ തടയാൻ കർമ്മപദ്ധതി പ്രഖ്യാപിക്കുമോ; | (ബി) | കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് കടന്നുവരുന്നത് തടയുന്നതിലേക്കായി വനം വകുപ്പ് വിവിധ കർമ്മ പദ്ധതികൾ നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്ത് വനമേഖലയോട്ടു ചേർന്നു കിടക്കുന്ന ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ കടന്നുകയറി കൃഷിക്കും ജീവനും ഭീക്ഷണിയുണ്ടാക്കുന്നത് തടയുന്നതിനായി വന്യമൃഗശല്യം കൂടുതലുള്ള സ്ഥലങ്ങളിൽ സൗരോർജ്ജ വേലികൾ, സൗരോർജ്ജ തൂക്കുവേലികൾ, കിടങ്ങുകൾ, സംരക്ഷണ ഭിത്തികൾ, റെയിൽ ഫെൻസിംഗ് മുതലായവ നിർമ്മിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ ഇറങ്ങുന്ന കാട്ടാനകളെ സുരക്ഷിതമായി വനത്തിലേക്ക് തിരിച്ചുവിടുന്നതിനായി പരിശീലനം ലഭിച്ച കുംകി ആനകളെ ഉപയോഗിച്ചുവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായുള്ള മേഖലകളിലേക്ക് വന്യമൃഗങ്ങൾ കടക്കുന്നത് തടയുന്നതിന് നിരന്തര പട്രോളിങ്ങ് നടത്തിയും പരിശീലനം ലഭിച്ച ജീവനക്കാരേയും വാച്ചർമാരേയും ഇ.ഡി.സി. അംഗങ്ങളേയും വിന്യസിച്ചും സുരക്ഷിതത്വം ഉറപ്പാക്കി വരുന്നു. കൂടുതൽ പ്രദേശത്തേക്ക് പ്രതിരോധ മാർഗ്ഗങ്ങൾ വ്യാപിപ്പിക്കുന്നതിനും വന്യജീവികൾ കാടിനു വെളിയിലേക്ക് വരാത്ത വിധം അവയ്ക്ക് ഹിതകരമായ രീതിയിൽ കാട്ടിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തി പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് സ്ഥിരവും താൽക്കാലികവുമായ ഇരുപത്തിയെട്ട് റാപ്പിഡ് റെസ്പോൺസ് ടീമുകളാണ് നിലവിൽ ഉള്ളത്. |
| (സി) | ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി കാട്ടാന നാട്ടിലേക്ക് ഇറങ്ങുന്ന വിവരം ജനങ്ങളെ മുൻകൂട്ടി അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. NMR വാച്ചർമാരുടേയും ഫീൽഡ് ജീവനക്കാരുടേയും സേവനം ആവശ്യമായ ഘട്ടങ്ങളിൽ ഉപയോഗിച്ചുവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷമുള്ള പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്ന അവസരങ്ങളിൽ അവയെ നിരീക്ഷിക്കുന്നതിനായി ക്യാമറ ട്രാപ്പുകൾ ഉപയോഗിച്ചുവരുന്നുണ്ട്. ഇതര ഡിപ്പാർട്ട്മെന്റ് പ്രതിനിധികളേയും സ്ഥലവാസികളേയും ഉൾപ്പെടുത്തി വാട്ട്സാപ്പ് ഗ്രൂപ്പുകളും ജനജാഗ്രതാ സമിതികളും രൂപീകരിച്ച് കർഷകർ, ജനപ്രതിനിധികൾ, സ്ഥലവാസികൾ എന്നിവരുമായി ആശയ വിനിമയം നടത്തിയും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യകളായ SMS അലെർട്ട് സിസ്റ്റം വഴിയും ഡിജിറ്റൽ (സെൻസർ) വാൾ ഉപയോഗിച്ചു വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മനസ്സിലാക്കി ജനങ്ങൾക്ക് ആവശ്യമായ മുന്നറിയിപ്പ് നൽകിവരുന്നുണ്ട്. സമയാസമയം ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് വാട്സ്ആപ്പ് ഗ്രൂപ്പുകൾ ഉൾപ്പെടെ ആധുനിക വിവര-വിനിമയ സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. മൊബൈൽ ആപ്ലിക്കേഷൻ മുഖേന ജനവാസമേഖലകളിലെ വന്യമൃഗങ്ങളുടെ സാന്നിധ്യം തത്സമയം പരിസരവാസികളെ അറിയിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ